ഡി.എം.സി 1/3626/2021

കളക്ടറേറ്റ് ,ആലപ്പുഴ
10/05/2021

ജില്ലയിലെ കാലവർഷം/കടൽക്ഷോഭം മുന്നൊരുക്കങ്ങളുടെ ഭാഗമായി 10/05/2021 തിയ്യതി രാവിലെ 10.30 ന് ആലപ്പുഴ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാ കലക്ടർ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൻെറ മിനുട്സ്

**ഹാജർ**

1. ജില്ലാ പോലീസ് മേധാവി, ആലപ്പുഴ
2. റവന്യു ഡിവിഷണൽ ഓഫീസർ, ആലപ്പുഴ
3. റവന്യു ഡിവിഷണൽ ഓഫീസർ, ചെങ്ങന്നൂർ
4. അസിസ്റ്റൻറ് ഡിവിഷണൽ ഓഫീസർ ഫയർ & റസ്ക്യു, ആലപ്പുഴ
5. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
6. ജില്ലാ മെഡിക്കൽ ഓഫീസർ, (ആരോഗ്യം), ആലപ്പുഴ
7. ജില്ലാ മെഡിക്കൽ ഓഫീസർ, (ആയുർവേദം), ആലപ്പുഴ
8. ജില്ലാ മെഡിക്കൽ ഓഫീസർ, (ഹോമിയോ), ആലപ്പുഴ
9. പുഞ്ച സ്പെഷ്യൽ ഓഫീസർ, ആലപ്പുഴ
10. ജില്ലാ സപ്ലൈ ഓഫീസർ, ആലപ്പുഴ
11. പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, ആലപ്പുഴ
12. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ
13. റീജിയണൽ മാനേജർ, കൺസ്യൂമർഫെഡ്, ആലപ്പുഴ
14. അസിസ്റ്റൻറ് മാനേജർ, സിവിൽ സപ്ലൈസ്, ആലപ്പുഴ
15. അസിസ്റ്റൻറ് മാനേജർ, സിവിൽ സപ്ലൈസ്, ഹരിപ്പാട്
16. അസിസ്റ്റൻറ് മാനേജർ, സിവിൽ സപ്ലൈസ്, മാവേലിക്കര
17. അസിസ്റ്റൻറ് മാനേജർ, സിവിൽ സപ്ലൈസ്, ചേർത്തല
18. അസിസ്റ്റൻറ് മാനേജർ, സിവിൽ സപ്ലൈസ്, ചെങ്ങന്നൂർ
19. എല്ലാ തഹസിൽദാർമാരും
20. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ആലപ്പുഴ
21. ജില്ലാ പ്ലാനിങ്ങ് ഓഫീസർ, ആലപ്പുഴ
22. എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD റോഡ്സ്, ആലപ്പുഴ
23. എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD ബിൽഡിംഗ്സ്, ആലപ്പുഴ
24. എക്സിക്യൂട്ടീവ് എഞ്ചിനീയർ, നാഷണൽ ഹൈവേ, ആലപ്പുഴ
25. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ
26. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, തിരുവല്ല
27. ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, ആലപ്പുഴ
28. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ഇറിഗേഷൻ, ആലപ്പുഴ
29. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ (മെക്കാനിക്കൽ) ആലപ്പുഴ
30. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, ചെങ്ങന്നൂർ
31. എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD, ആലപ്പുഴ

32. പ്രോജക്ട് മാനേജർ, ജില്ലാ നിർമ്മിതികേന്ദ്രം, ആലപ്പുഴ
33. ജില്ലാ ഓഫീസർ, സാമൂഹ്യനീതിവകുപ്പ്, ആലപ്പുഴ
34. ജില്ലാ ഓഫീസർ, ജലഗതാഗതവകുപ്പ്, ആലപ്പുഴ
35. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ കെ.എസ്.ഇ.ബി, ആലപ്പുഴ
36. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ കെ.എസ്.ഇ.ബി, ഹരിപ്പാട്
37. ജില്ലാ കോഓർഡിനേറ്റർ, ശുചിത്വമിഷൻ, ആലപ്പുഴ
38. ജില്ലാ ഓഫീസർ, മൃഗസംരക്ഷണ വകുപ്പ്, ആലപ്പുഴ
39. ജില്ലാ ഓഫീസർ, മത്സ്യഫെഡ്, ആലപ്പുഴ
40. പോർട്ട് ഓഫീസർ, ആലപ്പുഴ
41. ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്, ആലപ്പുഴ
42. സെക്രട്ടറി, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ആലപ്പുഴ
43. ജില്ലാ ഓഫീസർ, ടൂറിസം വകുപ്പ്, ആലപ്പുഴ
44. അസിസ്റ്റൻറ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സോഷ്യൽ ഫോറസ്റ്റി, ആലപ്പുഴ
45. ജില്ലാഓഫീസർ, ഹോർട്ടികോർപ്, ആലപ്പുഴ
46. ജില്ലാ കോ-ഓഡിനേറ്റർ, കുടുംബശ്രീ, ആലപ്പുഴ
47. ജില്ലാ ലേബർ ആഫീസർ, ആലപ്പുഴ.

ജില്ലയിലെ കാലവർഷം/കടൽക്ഷോഭം മുന്നൊരുക്കങ്ങളുടെ ഭാഗമായി ജില്ലയിലെ വിവിധ വകുപ്പുകൾ ചെയ്യേണ്ട മുന്നൊരുക്കത്തെക്കുറിച്ചും കോവിഡ് പശ്ചാത്തലത്തിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ചർച്ച ചെയ്യുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനുമാണ് യോഗം വിളിച്ചുചേർത്തിട്ടുള്ളതെന്ന് ആമുഖമായി ജില്ലാ കളക്ടർ പറഞ്ഞു.

ജില്ലയിലെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിലേയ്ക്ക് പ്രധാന ഷട്ടറുകളായ തണ്ണീർമുക്കം, അന്ധകാരനഴി ,തോട്ടപ്പള്ളി, തൃക്കുന്നപ്പുഴ എന്നീ ഷട്ടറുകൾ യഥാസമയം തുറക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും പ്രധാനമായും അന്ധകാരനഴി ,തോട്ടപ്പള്ളി എന്നിവിടങ്ങളിൽ അടിഞ്ഞ്കൂടിയിരിക്കുന്ന മണ്ണ് കാലതാമസം കൂടാതെ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് (മേജർ, മൈനർ) കൈക്കൊള്ളേണ്ടതാണെന്നും, അദ്ധ്യക്ഷൻ കൂട്ടിചേർത്തു.

ഈ യോഗത്തിന് ശേഷം വിവിധ വകുപ്പുകൾ ചെയ്ത പ്രവൃത്തികളുടെ അവലോകന യോഗം ജില്ലയിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നടത്തുന്നതാണെന്നും അദ്ധ്യക്ഷൻ അറിയിച്ചു.

വിശദമായ ചർച്ചകൾക്കുശേഷം വിവിധ വകുപ്പുകൾ ചെയ്യേണ്ട തീരുമാനങ്ങൾ താഴെപ്പറയും പ്രകാരം എടുത്തു.

**ഇറിഗേഷൻ (മേജർ,മൈനർ, മെക്കാനിക്കൽ ഡിവിഷൻ)**

- നീരൊഴുക്ക് തടസ്സപ്പെടുന്ന രീതിയിലുള്ള ഓരുമുട്ടുകൾ അടിയന്തിരമായി നീക്കം ചെയ്യണം, തണ്ണീർമുക്കം, തോട്ടപ്പള്ളി എന്നിവിടങ്ങളിലെ ഷട്ടറുകൾ പ്രവർത്തന സജ്ജമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- തോട്ടപ്പള്ളി പൊഴി, അന്ധകാരനഴി പൊഴി എന്നിവിടങ്ങളിൽ അടിഞ്ഞ് കൂടിയിരുന്ന മണൽ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം

- ജില്ലയുടെ വിവിധഭാഗങ്ങളിൽ കടൽഭിത്തി ഇല്ലാത്ത പ്രദേശങ്ങളിലും, ദുർബലമായ കടൽ ഭിത്തികൾ ഉള്ള ഭാഗങ്ങളിലും, ശക്തമായ കടൽക്ഷോഭം, വേലിയേറ്റം എന്നിവ മൂലം അനേകം വീടുകൾക്കും കാർഷിക വിളകൾക്കും വർഷംതോറും നാശം സംഭവിച്ചുകൊണ്ടരിയ്ക്കുന്നതിനാൽ താല്ക്കാലിക പരിഹാരമെന്ന നിലയിൽ ജിയോ ബാഗുകൾ മറ്റും ഇട്ട് വീടുകളിൽ വെള്ളം കയറുന്നത് ഒഴിവാക്കേണ്ടതും, കൂടാതെ സ്ഥിരസംവിധാനത്തിനായി പുലിമുട്ട്, കടൽഭിത്തി മുതലായവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ധൃതഗതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുണ്ടേതും, 4000 ജിയോ ബാഗുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

- വകുപ്പിന്റെ നിയന്ത്രണത്തിൽ സൂക്ഷിച്ചിട്ടുള്ള പമ്പുകൾ പരിശോധിച്ച് പ്രവർത്തനക്ഷമമാണെന്ന്.20.5.2021 ന് മുൻപ് ഉറപ്പ് വരുത്തേണ്ടതും, ഇവ വിവിധ സ്ഥലങ്ങളിൽ വിന്യസിക്കുവാൻ ആവശ്യമായ ക്രയിൻ, വാഹനങ്ങൾ എന്നിവയ്ക്ക് അടിയന്തിരമായി റേറ്റ്കോൺട്രാക്ട് ക്ഷണിച്ച് തീരുമാനമാക്കേണ്ടതുമാണ്.

- പുഴകളിലെയും തോടുകളിലെയും എക്കൽ, ചെളി എന്നിവ അടിയന്തിരമായി നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ മൈനർ ഇറിഗേഷന്റെ നേതൃത്വത്തിൽ നടത്തേണ്ടതും, ഇതിലേയ്ക്കായി സർക്കാരിൽ നിന്നും ലഭിച്ച തുക ഒരു പ്രത്യേക പ്രദേശത്ത് മാത്രം കേന്ദ്രീകരിക്കാതെ ജില്ലയിൽ മുഴുവനും വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

റവന്യൂ വകുപ്പ്

- പ്രകൃതിക്ഷോഭം, കടൽക്ഷോഭം എന്നിവ മൂലം ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കേണ്ടിവരുന്ന സാഹചര്യങ്ങൾ സംജാതമാകുന്നതിനാൽ ആയതിനുള്ള സംവിധാനങ്ങൾ മുൻകൂട്ടിതന്നെ ഏർപ്പാടാക്കേണ്ടതാണ്. മുൻവർഷങ്ങളിൽ ക്യാമ്പുകളായി ഉപയോഗിച്ചുവരുന്ന സ്കൂളുകളിലും മറ്റ് കേന്ദ്രങ്ങളിലും മതിയായ സജ്ജീകരണങ്ങൾ ഉണ്ടെന്ന് തഹസിൽദാർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കോവിഡ്19 സാഹചര്യം കണക്കിലെടുത്ത് 2021ലെ ക്യാമ്പ് നടത്തിപ്പ് സംബന്ധിച്ച സർക്കാർ നിർദ്ദേശിച്ചിട്ടുള്ള 4 തരം കെട്ടിടങ്ങൾ മുൻകൂട്ടി കണ്ടെത്തേണ്ടതാണ്.

a) കെട്ടിടം 1 – പൊതുവായ ദുരിതാശ്വാസക്യാമ്പുകൾ നടത്തുവാനായി
b) കെട്ടിടം 2– 60 വയസ്സിന് മുകളിൽ ഉള്ളവർ, കോവിഡ് ഇതര രോഗങ്ങൾ ഉള്ളവർ– ദുരിതാശ്വാസക്യാമ്പുകളിൽ എത്തിയാൽ അവരെ പ്രത്യേകം താമസിപ്പിക്കുവാനായി.

c) കെട്ടിടം 3- കോവിഡ്19 രോഗലക്ഷണമുള്ളവരെ മാറ്റിപാർപ്പിക്കുന്നതിനായി മുറിയോട് ചേർന്ന് ടോയ് ലെറ്റ് സംവിധാനങ്ങൾ ഉള്ള കെട്ടിടങ്ങൾ.
d) കെട്ടിടം 4 [] ഹോം ക്വാറൻറൈനിൽ കഴിയുന്ന വ്യക്തികളെ താമസിപ്പിക്കുവാനായി മുറിയോട് ചേർന്ന് ടോയ് ലെറ്റ് സംവിധാനങ്ങൾ ഉള്ള കെട്ടിടങ്ങൾ. ഹോം ക്വാറൻറൈൻ സമയം കഴിയുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പിൻെറ അനുമതിയോടെ പൊതുക്യാമ്പുകളിൽ (ഒന്നാം കെട്ടിടത്തിൽ) താമസിപ്പിക്കാവുന്നതാണ്.

- വില്ലേജാഫീസർമാരുടെ യോഗം അടിയന്തിരമായി വിളിക്കണം.
- ദുരിതാശ്വാസ ക്യാമ്പുകൾ എല്ലാ മേഖലകളിലും കണ്ടെത്തുകയും മതിയായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.
- ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്കുള്ള ഭക്ഷണസാധങ്ങൾ നിർദ്ദിഷ്ട സ്ഥാപനങ്ങളിൽ (ഹോർട്ടികോർപ്പ്, സിവിൽസപ്ലൈസ്, സപ്ലൈകോ, കൺസ്യൂമർഫെഡ് മുതലായ സർക്കാർ സ്ഥാപനങ്ങൾ) നിന്ന് മാത്രം വാങ്ങേണ്ടതും ആയതിനുള്ള നിർദ്ദേശങ്ങൾ വില്ലേജാഫീസർമാർക്ക് നൽകുകയും, വില്ലേജാഫീസർമാർ ടി സ്ഥാപനങ്ങൾ മുൻകൂട്ടി തന്നെ സന്ദർശിക്കുകയും ഭക്ഷ്യധാന്യലഭ്യത ഉറപ്പുവരുത്തേണ്ടതുമാണ്.
- തഹസിൽദാർമാർ അതാത് TSO മാരുമായി ചർച്ച ചെയ്ത് കുക്കിംഗ് ഗ്യാസിൻെറ ലഭ്യത മുൻകൂട്ടിത്തന്നെ ഉറപ്പുവരുത്തേണ്ടതാണ്.
- ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് സ്വകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള ഭക്ഷണ സാധ നങ്ങൾ വാങ്ങൽ അനുവദനീയമല്ല.
- ജൂൺ മാസം 1-ാം തീയതി മുതൽ കൺട്രോൾ റൂമുകൾ ആരംഭിച്ച്, ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള നടപടിക്രമത്തിൻെറ പകർപ്പ് ജില്ലാകളക്ടർക്ക് സമർപ്പിക്കണം.
- ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനം 30 ദിവസത്തിൽ അധികരിക്കുന്ന പക്ഷം തുടർച്ചാനുമതിക്കായി സർക്കാരിൽനിന്നും അനുമതി ആവശ്യമായതിനാൽ ടി വിവരം അടിയന്തിരമായി ജില്ലാ കളക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.
- ഭവനനാശവുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഒരു മാസത്തിനുള്ളിൽതന്നെ ധനസഹായവിതരണ നടപടികൾ പൂർത്തിയാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.തദ്ദേശസ്ഥാപനത്തിൻെറ

ഓവർസീയർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർ നല്കുന്ന സാങ്കേതിക നാശനഷ്ട അവലോകന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ധനസഹായതുക (SDRF മാനദണ്ഡങ്ങൾ പ്രകാരം) അനുവദിക്കാവൂ.

- കാലവർഷത്താൽ സംഭവിക്കുന്ന എല്ലാവിധ നഷ്ടങ്ങളുടെയും വിവരങ്ങൾ അതാതു ദിവസം തന്നെ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണകേന്ദ്രത്തിൽ ഇ-മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്. (നിലവിലുള്ള നിശ്ചിത പ്രൊഫോർമ പ്രകാരം)

ദുരിതാശ്വാസ ക്യാമ്പുകൾ / സൗജന്യ ഭക്ഷണ വിതരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന എല്ലാവിധ സാമഗ്രികൾക്കും, കൂടാതെ ദുരന്തനിവാരണ പ്രവൃത്തികൾക്കുപയോഗിക്കേണ്ടതായി വരുന്ന സാമഗ്രികൾക്കും, മുൻകൂട്ടിതന്നെ റേറ്റ് കോൺട്രാക്ട് നിശ്ചയിച്ച് നടപടിക്രമം തയ്യാറാക്കി ജില്ലാ കളക്ടറുടെ സാധൂകരണത്തിനായി ലഭ്യമാക്കേണ്ടതാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ചെലവ് തുകകൾ അംഗീകരിച്ച് ലഭിക്കുന്നതിനായി റേറ്റ് കോൺട്രാക്ട് അടിസ്ഥാനപ്പെടുത്തിയുള്ളതല്ലാതെ സമർപ്പിക്കുന്ന ബില്ലുകളും വൗച്ചറുകളും യാതൊരുകാരണവശാലും സാധൂകരിക്കുന്നതല്ല

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്

- പഞ്ചായത്ത്തല ദുരന്തനിവാരണ കമ്മിറ്റികൾ കൂടുന്നതിന് ആവശ്യമായ നിർദ്ദേശം എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും നല്കേണ്ടതും, കൂടാതെ ടി കമ്മിറ്റികളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുന്നതിനും, മറ്റ് ദുരിതാശ്വാസ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.
- റവന്യൂ വകുപ്പുമായി സംയോജിച്ച് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് ദുരിതാശ്വാസ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ എല്ലാ പഞ്ചായത്തുകളും ദുരന്തനിവാരണ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.ആയതുമായി ബന്ധപ്പെട്ട നടപടികൾ എല്ലാ ഗ്രാമപഞ്ചായത്തുകളും സ്വീകരിക്കേണ്ടതാണ്.

സപ്ലൈകോ, മാവേലിസ്റ്റോർ, സിവിൽ സപ്ലൈസ്, കൺസ്യൂമർ ഫെഡ്, ഹോർട്ടികോർപ്പ് തുടങ്ങിയ സ്ഥാപനങ്ങൾ.

- പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് അടിയന്തിര സാഹചര്യങ്ങളിൽ ആരംഭിക്കേണ്ടി വരുന്ന ദുരിതാശ്വാസ ക്യാമ്പുകൾ/ സൗജന്യ ഭക്ഷണ വിതരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ആവശ്യമായ ഭക്ഷണസാധനങ്ങൾ സപ്ലൈകോ, മാവേലിസ്റ്റോർ, സിവിൽ സപ്ലൈസ്,കൺസ്യൂമർഫെഡ്, ഹോർട്ടികോർപ്പ് തുടങ്ങിയ സ്ഥാപനങ്ങൾ മുഖാന്തിരം വിതരണം ചെയ്യേണ്ടതാണ്.

- ദുരിതാശ്വാസ ക്യാമ്പുകൾ/ സൗജന്യ ഭക്ഷണ വിതരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് ആവശ്യമായ കുക്കിംഗ് ഗ്യാസ് ക്രെഡിറ്റ് വ്യവസ്ഥയിൽ വിതരണം നടത്തുന്നതിന് ഗ്യാസ് ഏജൻസി കൾക്ക് നിർദ്ദേശം നല്കുകയും ആയത് പാലിയ്ക്കുന്നുണ്ടെന്ന് ജില്ലാ സപ്ലൈ ആഫീസർ ഉറപ്പുവരുത്തേണ്ടതുമാണ്.
- മഴക്കാലത്ത് ഗതാഗത തടസ്സമുണ്ടാകാറുള്ള കുട്ടനാട് പോലുള്ള പ്രദേശങ്ങളിൽ ഭക്ഷണസാധനങ്ങൾ ലഭ്യമാകാതെ ക്യാമ്പ് പ്രവർത്തനങ്ങൾ തടസ്സം നേരിടുന്നത് ഒഴിവാക്കുന്നതിനായി മഴക്കാലത്തിന് മുമ്പേ തന്നെ ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്ക് ചെയ്തുവയ്ക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിയ്ക്കേണ്ടതുമാണ്.

ഡി.എം. ഒ (ആരോഗ്യം, ആയുർവ്വേദം, ഹോമിയോ)/ശുചിത്വമിഷൻ

- കോവിഡ്19 രോഗവ്യാപനനിയന്ത്രണം, ,മഴക്കാലമുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവയുടെ ഭാഗമായി ശുചിത്വ പരിശോധന (സ്കൂളുകൾ, ഓഫീസുകൾ, ആശുപത്രികൾ, വ്യാപാരസ്ഥാപനങ്ങൾ, അന്യസംസ്ഥാന തൊഴിലാളികളുടെ ജോലിസ്ഥലങ്ങൾ, വാസസ്ഥലങ്ങൾ തുടങ്ങിയ എല്ലാ പ്രദേശങ്ങളിലും) സ്ക്വാഡുകളുടെ പ്രവർത്തനം, സാംക്രമികരോഗങ്ങൾ പടർന്നു പിടിയ്ക്കാതിരിയ്ക്കു ന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ മുതലായവ അടിയന്തിരമായി നിർവ്വഹിയ്ക്കേണ്ടതാണ്. കൂടാതെ പ്രസ്തുത പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ആവശ്യത്തിന് ഡോക്ടർമാർ, മറ്റ് ജീവനക്കാർ എന്നിവർ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ഫിഷറീസ് വകുപ്പ്

- കാലവർഷത്തിന് മുന്നോടിയായി 24 മണിക്കൂറും പ്രവർത്തിയ്ക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിയ്ക്കണമെന്നും, മത്സ്യബന്ധന തൊഴിലാളികൾക്ക് ലഘുലേഖകൾ ഉൾപ്പെടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നൽകുന്നതിനും മുൻവർഷങ്ങളിൽ നടപ്പിലാക്കിയതുപോലുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനും ഉദ്യോഗസ്ഥർക്ക് ശ്രദ്ധിയ്ക്കേണ്ടതാണ്.
- കടൽക്ഷോഭം മൂലം ബോട്ട് തകരാറാകുന്ന സന്ദർഭങ്ങൾ ഉണ്ടായാൽ രക്ഷാപ്രവർത്തനങ്ങൾക്കായി മുൻകൂട്ടി ബോട്ടുകൾ തയ്യാറാക്കേണ്ടതാണ്.

കെ.എസ്.ഇ.ബി

- ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകരമായ രീതിയിൽ നിൽക്കുന്ന വൃക്ഷങ്ങളുടെ ചില്ലകൾ മഴക്കാലത്തിന് മുൻപ് തന്നെ വെട്ടിമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും വെട്ടിമാറ്റുന്ന ചില്ലകൾ മൂലം ജലനിർഗ്ഗമന മാർഗ്ഗങ്ങൾ തടസ്സപ്പെടാതിരിയ്ക്കുന്നതിനും, ഗതാഗതതടസ്സം സൃഷ്ടിയ്ക്കാതിരിയ്ക്കു ന്നതിനും ഉദ്യോഗസ്ഥർ ശ്രദ്ധിയ്ക്കേണ്ടതാണ്.

- തകരാറിലായ ട്രാൻ സ്ഫോർമറുകൾ, വൈദ്യുത ലൈനുകൾ, പോസ്റ്റുകൾ മുതലായവ അടിയന്തിരമായി പൂർവ്വസ്ഥിതിയിലാക്കണമെന്നും, ജലാശയങ്ങൾക്ക് മുകളിലൂടെ കടന്നു പോകുന്ന വൈദ്യുതി ലൈനുകൾ പൊട്ടിവീണ് അപകട മരണങ്ങൾ സംഭവിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ, അത്തരം അപകടങ്ങൾ ഒഴിവാക്കുന്ന തിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പു വരുത്തേണ്ടതുമാണ്.

<u>കൃഷി വകുപ്പ്</u>

- പാടശേഖരങ്ങളുടെ പുറംബണ്ടുകൾ സംരക്ഷിയ്ക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിയ്ക്കേണ്ടതും, അത്യാവശ്യസന്ദർഭങ്ങളിൽ ഉപയോഗിയ്ക്കുന്നതിനായുള്ള മണൽചാക്കുകൾ, പമ്പ് സെറ്റുകൾ തുടങ്ങിയവ കണ്ടെത്തുന്നതിനായി പ്രീ-റേറ്റ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തേണ്ട തുമാണ്.

<u>പോലീസ്, ഫയർ & റസ്ക്യൂ</u>

- അടിയന്തിരഘട്ടങ്ങളിൽ പ്രവർത്തിയ്ക്കുന്നതിന് എല്ലാവിധ സജ്ജീകരണങ്ങളും ഏർപ്പെടുത്തി ജീവനും സ്വത്തിനും സംരക്ഷണം നല്കുന്നതിന് ശ്രദ്ധിയ്ക്കേണ്ടതാണ്

<u>കോസ്റ്റൽ പോലീസ്</u>

- മൺസൂൺ കാലയളവിൽ കടലിലെ സുരക്ഷ ഉറപ്പുവരുത്തുന്നതിലേയ്ക്ക് ആവശ്യമായ ബോട്ടുകൾ സജ്ജമാക്കി കടലിൽ പട്രോളിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

<u>പി.ഡബ്ല്യൂ.ഡി (റോഡ്സ്)</u>

- അറ്റകുറ്റപണികൾ നടത്തേണ്ട മുഴുവൻ റോഡുകളും മഴക്കാലത്തിനു മുൻപാ യിതന്നെ പൂർത്തീകരിയ്ക്കേണ്ടതും, റോഡരികിലെ ഓടകൾ മുഴുവനും വൃത്തി യാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സാംക്രമികരോഗങ്ങൾ പടർന്നു പിടിയ്ക്കാതിരിയ്ക്കുവാൻ ശ്രദ്ധിയ്ക്കുണ്ടതും, കൂടാതെ ഗതാഗത തടസ്സം സൃഷ്ടിയ്ക്കുന്ന തരത്തിൽ സ്ഥാപിച്ചിട്ടുള്ളതോ, കാലാവധി കഴിഞ്ഞതോ ആയിട്ടുള്ള ബോർഡുകൾ, ബാനറുകൾ, കട്ട്-ഔട്ടുകൾ തുടങ്ങിയവ അടിയന്തിരമായി നീക്കം ചെയ്യുണ്ടതാണ്.
- റോഡ് പുറമ്പോക്കുകളിലുള്ള ജനങ്ങൾക്ക് ജീവനും സ്വത്തിനും ഭീഷണിയുണ്ടാകുന്ന മരങ്ങളുടെ ശിഖരങ്ങൾ മുറിച്ച് നീക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ടൂറിസം / പോർട്ട് / ഡി.റ്റി.പി.സി

- മൺസൂൺ കാലയളവിൽ ഉണ്ടായേക്കാവുന്ന അപകടസാദ്ധ്യതകൾ മുന്നിൽ കണ്ട് ആവശ്യമായ മുൻകരുതലുകൾ സ്വീകരിയ്ക്കണമെന്നും ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള ജലയാനങ്ങളിൽ ആവശ്യമായ മുൻകരുതലുകൾ ഉണ്ടോയെന്ന് കർശനമായ പരിശോധന നടത്തേണ്ടതും അപകട സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിയ്ക്കണ മെന്നും, കൂടാതെ കൂടുതൽ സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിയ്ക്കുന്നതിനും, ശക്തമായ കാറ്റും മഴയും ഉള്ള സമയങ്ങളിൽ ശിക്കാരവള്ളങ്ങളുടെ സർവ്വീസ് നിർത്തി വയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

മൃഗസംരക്ഷണ വകുപ്പ്/ ക്ഷീരവകുപ്പ്

- മൺസൂൺകാലയളവിൽ വളർത്തുമൃഗങ്ങളെ മാറ്റിപാർപ്പിയ്ക്കുന്നതിനുള്ള ഷെൽട്ടറുകൾ മുൻകൂട്ടിതന്നെ കണ്ടെത്തേണ്ടതും, അടിയന്തിരസാഹചര്യങ്ങൾ നേരിടുന്നതിനായി കൺട്രോൾ റൂമുകൾ തുറന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

വിദ്യാഭ്യാസ വകുപ്പ്

- ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിയ്ക്കേണ്ടി വരുന്ന സ്കൂളുകളിൽ മതിയായ സൗകര്യങ്ങൾ ഉണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതും,, സ്കൂളിന്റെ പ്രധാന അദ്ധ്യാപകർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിയ്ക്കേണ്ടതുമാണ്.

കെ.എസ്. ആർ.ടി.സി / വാട്ടർ ട്രാൻസ്പോർട്ട്

- അടിയന്തിര സാഹചര്യങ്ങളിൽ ജനങ്ങളെ മാറ്റി പാർപ്പിയ്ക്കേണ്ടിവരികയാണെങ്കിൽ ആയതിനുള്ള വാഹനസൗകര്യം, റസ്ക്യൂ ബോട്ട് എന്നിവ കെ.എസ്. ആർ.ടി.സി / വാട്ടർ ട്രാൻസ്പോർട്ട് ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

വാട്ടർ അതോറിറ്റി

- പ്രകൃതിക്ഷോഭം മൂലം ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാകാതിരിയ്ക്കുന്ന സാഹചര്യം സംജാതമാകുന്നപക്ഷം, ആവശ്യത്തിന് ശുദ്ധജലം നല്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി സജ്ജരായിരിയ്ക്കേണ്ടതാണ്.

ഓറഞ്ച് ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ എല്ലാ വകുപ്പുമേധാവികളും കർശനമായും പാലിക്കേണ്ടതും പ്രസ്തുത പ്രവർത്തികളുടെ കാര്യക്ഷമമായ ഏകോപനങ്ങൾക്ക് ഒരു നോഡൽ ഓഫീസറെ നിയമിക്കേണ്ടതും, കൺട്രോൾ റൂം ആരംഭിക്കേണ്ടതും നോഡൽ ഓഫീസറുടെ ഫോൺ നമ്പർ സഹിതം വിവരം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ജില്ലയിലെ എല്ലാ വകുപ്പ് മേധാവികളും ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അവധി ഒഴിവാക്കി വകുപ്പിലെ ജീവനക്കാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതും ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. മേൽ വിവരിച്ച എല്ലാ വകുപ്പുകളും ദുരന്തനിവാരണ പ്രവർത്തനങ്ങൽ ഏകോപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസർ ആയി നിയമിച്ച് ടിയാളുടെ ഫോൺ നമ്പർ സഹിതം വിവരം ജില്ലാ കൺട്രോൾ റൂമിൽ (ഫോൺ –04772238630, 2236831) ഇന്നു തന്നെ ലഭ്യമാക്കേണ്ടതുമാണ്.

ജില്ലാ കളക്ടർ &
ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ
ആലപ്പുഴ

യോഗത്തിൽ പങ്കെടുത്തവർക്ക്